2

# ഹന്ന

# മാതൃത്വത്തിനുള്ള ഒരു സ്മാരകം

## (1:1 - 2:21)

സ്പാർട്ടനിലെ രാജാവു അഗെസിലാസ് II (സി. 444-360 ബി.സി) മരിക്കാറായപ്പോൾ, തന്റെ പ്രതിമ ഉണ്ടാക്കരുത് എന്ന കല്പന പുറപ്പെടുവിച്ചു. അവൻ പറഞ്ഞു, "ആദരിക്കാവുന്ന അത്ഭുതകൃത്യങ്ങൾ എന്തെങ്കിലും ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ, അതാണെന്റെ സ്മാരകം; എന്നാൽ ഞാൻ ഒന്നും ചെയ്തിട്ടില്ലെങ്കിൽ, നിങ്ങളുടെ പ്രതിമകൾ ഒന്നും സൂചിപ്പിക്കുന്നില്ല." വാസ്തവത്തിൽ ഗ്രാനൈറ്റിൽ ഉയരാത്തസ്മാരകങ്ങൾ ഏറ്റവും നല്ലത് - എന്ന സ്മാരകങ്ങളെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് യോജിക്കുന്നതാണ്! ഏറ്റവും നല്ല സ്മാരകം ഒരാളുടെ ജീവിതത്തെ കുറിച്ചുള്ള നല്ല കാഴ്ച്ചപ്പാടും വാക്കിനാലും ക്രിയയാലും കൈവരിച്ച നേട്ടങ്ങളുടെ നല്ല ഓർമ്മകളുമാണ്.

സ്നേഹമുള്ള സ്ത്രീയായ ഹന്നയിൽ നാം കാണുന്നത് തന്റെ ജീവിതം "മാതൃത്വത്തിന് ഒരു സ്മാരകം" ആയ ഒരു അമ്മയെയാണ്. നൂറ്റാണ്ടുകളോളം ബൈബിൾ വിദ്യാർത്ഥികളെ അവൾ അതിശയിപ്പിക്കയും "പ്രാർത്ഥിക്കുന്ന അമ്മ" എന്നോ "ദൈവത്തിനു യോജിച്ച അമ്മ" എന്നോ അവളെ പ്രശംസിക്കയും ചെയ്തിട്ടുണ്ട്. എങ്ങനെയായാലും നിങ്ങൾ അവളെ നോക്കി, തിരുവെഴുത്തിൽ ദൈവഭക്തരുടെ കൂട്ടത്തിൽ നിങ്ങൾ അവൾക്കു സ്ഥാനം കൊടുക്കും. ബൈബിളിൽ നിന്നു ഈ ചരിത്രപരമായ വസ്തുതകൾ നാം ഹന്നയെ കുറിച്ചു പഠിക്കുന്നു. ഗർഭം ധരിക്കുവാൻ കഴിയാതിരുന്ന ഏറ്റവും വലിയ സ്ത്രീകളിൽ നാലാമത്തേതായിരുന്നു അവൾ. ഈ തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകളിൽ ഏറ്റവും ആത്മീയതയുണ്ടായിരുന്നവളായിരുന്നു അവൾ. സാറാ ചിരിച്ചു; റിബേക്കാ ഉദാസീനയായിരുന്നു; റാഹേൽ ശുണ്ഠി പിടിപ്പിക്കുന്നവളും മുൻകോപിയും ആയിരുന്നു. നമുക്ക് അറിയാവുന്നേടത്തോളം ഹന്ന മാത്രമേ പ്രാർത്ഥനയിൽ ദൈവസഹായം ആവശ്യപ്പെട്ടുള്ളൂ. ഹന്നയുടെ ജീവചരിത്രപരമായ വിശദാംശങ്ങൾ നമുക്കില്ല കാരണം അവളുടെ കാലത്ത് പുരുഷ വംശമാണ് കണക്കാക്കിയിരുന്നത്. 01 ശമുവേലിന്റെ പുസ്തകത്തിലെ പ്രാരംഭഭാഗത്ത് കാണുന്നതേ നമുക്ക് അറിയാവൂ.

ഹന്ന എൽക്കാനയുടെ ആദ്യത്തെ ഭാര്യയായിരുന്നു. അവൾ മച്ചിയായിരുന്നതുകൊണ്ടാണ്, അവൻ രണ്ടാമത് ഒരു ഭാര്യയെ സ്വീകരിച്ചത്. ഈ ഉട

മ്പടി ദൈവത്തിന്റെ ആദ്യ പദ്ധതിയുമായി യോജിക്കുന്നതായിരുന്നില്ല (ഉൽപ്പത്തി 2:24; മലാഖി 2:15; മത്തായി 19:4). എൽക്കാനയുടെ ഭാര്യ മാർക്കുണ്ടായ ഖേദകരമായ പ്രത്യാഘാതങ്ങൾ സ്വാഭാവികമാണ്. ഹന്നയോടു പ്രത്യേകസ്നേഹം കാണിച്ചതുകൊണ്ട് പെനിന്ന അസൂയയും ഗർവ്വും ഉള്ള വളായി തീർന്നു. ഹന്നയുടെ പോരായ്മ അവൾ പരിഹാസത്തിനുള്ള കാര ണമാക്കി. ഹന്ന ആ ക്രൂരസ്വഭാവത്തെ പ്രകോപനത്തോടെയല്ല നേരിട്ടത് എന്നാൽ ക്ഷമയോടെ സഹിച്ചു. ശിലോവിൽ ഓരോ വർഷവും യാഗം കഴി ക്കുമ്പോൾ ഹന്നയുടെ ദുഖം ഏറി വന്നു. അവസാനം അവളുടെ ഭാരം വളരെ വലുതായി തീർന്നു. സമ്മർദ്ദം, ലജ്ജ, സ്വയം – കുറ്റപ്പെടുത്തൽ എല്ലാം അവളുടെ തലയിൽ കുമിഞ്ഞു കൂടി. അവളുടെ ആ വേദനയാൽ, അവൾ യാഗവിരുന്നു വിട്ടു സമാഗമനകൂടാരത്തിൽ അഭയം തേടി.

യെഹൂദ പാരമ്പര്യമനുസരിച്ചു, സമാഗമനകൂടാരത്തിന്റെ മഹിമ, ഈ സമയത്ത് നഷ്ടപ്പെട്ടിരുന്നു. പെട്ടകത്തിനു ചുറ്റും കുറെ കർട്ടനുകൾ കൊണ്ട് അലങ്കരിക്കുകയും, കേടുപാടു തീർക്കാത്തതുകൊണ്ടു സമാഗമന മതിലു കൾ ഉയരം കുറഞ്ഞുമിരുന്നു. മഹാപുരോഹിതനായിരുന്ന ഏലി വാതിൽക്കൽ ഇരുന്നിരുന്നു. ഹന്ന ദൈവാലയത്തിൽ പ്രവേശിച്ചു ശാന്തമാ യ പ്രാർത്ഥനയാൽ അവളുടെ ഹൃദയഭാരങ്ങൾ ഇറക്കി വെച്ചു. ഏലി അവളെ ശ്രദ്ധിക്കുകയും, അവൾ ലഹരി പിടിച്ചിരിക്കുന്നു എന്നു തെറ്റിദ്ധരിക്കുകയും ചെയ്തു. ഏലി അവളെ പരുഷമായി ശാസിച്ചതിനു, ഹന്ന അവളുടെ പരി താപാവസ്ഥ വിവരിക്കയാണുണ്ടായതു. ഹന്നയുടെ ഭാരം മനസിലാക്കിയ ഏലി, അവൾക്കു വേണ്ടി പ്രാർത്ഥിക്കുകയും അവൾക്കു അടുത്ത വർഷം ഒരു കുഞ്ഞു ജനിക്കുവാൻ അവൻ ആശംസിക്കുകയും ചെയ്തു. അവൾ സമാഗമനകൂടാരത്തിൽ നിന്നു പോയപ്പോൾ, അവൾ പൂർണ്ണാശ്വാസത്തി ലാണ് പോയത്. അവളുടെ ദുഃഖഭാരം അവൾ ദൈവകരങ്ങളിൽ വിട്ടിട്ടാണ് പോയത്. അവൾക്കു ഒരു മകൻ ജനിച്ചാൽ അവനെ ദൈവശുശ്രൂഷക്കായി സമർപ്പിക്കാം എന്നു പറഞ്ഞിട്ടാണ് അവൾ പോയത്. ഹന്ന ഉടനെ ചെന്നു ഈ വിവരം എൽക്കാനയെ ധരിപ്പിച്ചു. പ്രാർത്ഥനക്കു മറുപടി ലഭിച്ചതു കൊണ്ടു അവർ ഒരുമിച്ചു സന്തോഷിച്ചു. ശിശു ജനിക്കുകയും, മൂന്നു വർഷം അവനെ പ്രത്യേക സ്നേഹത്തോടെ പോറ്റി പുലർത്തിയതു അവനെ ദൈവ ത്തിന്റെ അവസാന ന്യായാധിപനായും ആദ്യ പ്രവാചകനായും സേവനം നടത്തുവാൻ പ്രാപ്തമാക്കി. മൂന്നു വർഷങ്ങൾക്കു ശേഷം കുട്ടിയെ സമർപ്പിക്കുന്നതിന് തയ്യാറായി, അവൾ വാർഷികാഘോഷത്തിലേക്കു തിരി ച്ചുവന്നു. അവൾ സമാഗമനകൂടാരത്തിലേക്കു മടങ്ങി വന്നപ്പോൾ, അവൾ മൂന്നു വർഷങ്ങൾക്കു മുൻപുനിന്ന അതേ സ്ഥാനത്തു നിന്നു. അന്നത്തെ വിധി നിർണ്ണായക നിമിഷങ്ങൾ അവളുടെ മനസിലേക്കു ഓടി വന്നുകാണു മെന്ന കാര്യത്തിൽ സംശയമില്ല (1:26, 27).

അവൾ ശമുവേലിനെ ദൈവത്തിനു സമർപ്പിച്ചപ്പോൾ, ദൈവത്തെ പുകഴ്ത്തി സ്തുതിച്ചുകൊണ്ട് ഒരു സ്തുതി ഗാനവും ആലപിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുള്ള കരുതലിനായി അവളുടെ പിഞ്ചു ബാലനെ അവൾ സമർപ്പിച്ചു. മൃഗയാഗം അർപ്പിക്കുവാൻ വരുന്ന ഓരോ സമയത്തും, ഹന്ന ശമുവേലിന്നു ഒരു അങ്കി കൊണ്ടു വരുമായിരുന്നു. സ്നേഹത്തിന്റെ നൂൽകൊണ്ടു നെയ്തതായിരുന്നു അവ ഓരോന്നും. ഇതായിരുന്നു മാതൃ ത്വത്തിനുള്ള അത്ഭുതസ്മാരകത്തിന്റെ ചുരുക്കം!

**ഹന്നയുടെ സ്മാരകം**

നിലനിൽക്കുന്ന മാതൃത്വസ്മാരകം പണിയുവാൻ പ്രത്യേക സ്വഭാവഗുണങ്ങളും മനോഭാവവും ഒത്തിണങ്ങണം.

**ദൈവത്തിൽ വിശ്വസിക്കുന്ന ഗുണം**

സംശയത്തിലും നിരാശയിലും ആയപ്പോൾ ഹന്ന ദൈവത്തിലേക്കു തിരിഞ്ഞു (1:9-18; 2:1-10). അവളുടെ വിശ്വാസം വിട്ടുകളയാനാവാത്തത്ര എടുത്തു പറയാവുന്നതാണ്!

ഒന്നാമത്, ദൈവം അവൾക്ക് ഒരു മകനെ നല്കുമെന്ന വിശ്വാസത്താൽ അവൾ തന്റെ ഭക്തി പ്രകടിപ്പിച്ചു. സമയം കഴിഞ്ഞു പോയപ്പോൾ, അവളുടെ ദുഃഖം അകലുവാൻ അവളിലെ ആത്മാവു പ്രാപ്തയാക്കി. വർഷങ്ങൾ നീണ്ടുനിന്ന അതിശയം, സംശയം, ചിലപ്പോഴെല്ലാം ഉണ്ടാകുന്ന പ്രത്യാശ എന്നിവയെല്ലാം അവളുടെ അഭിലാഷങ്ങളെ വേദനിപ്പിക്കുന്നതാക്കി തീർത്തു. എങ്കിലും അവൾ ദൈവത്തിലുള്ള ആശ്രയത്തിൽ ക്ഷീണിച്ചില്ല. അവസാനം, ഭാരം താങ്ങുവാൻ പറ്റാതെ വന്നപ്പോൾ, അവൾ ദൈവത്തിന്റെ അടുക്കലേക്കു ചെന്നു. അവൾ ഏലിയെ വിട്ടുപോയപ്പോൾ, അവൾക്കു ദൈവത്തിന്റെ ഉത്തരത്തിൽ ആത്മവിശ്വാസം അനുഭവപ്പെട്ടു (1:17). ഹന്ന തന്റെ ഭാരം കർത്താവിൽ ഏല്പിച്ചു. തനിക്കു എന്തു ചെയ്യുവാൻ കഴിയുമായിരുന്നോ അതു ചെയ്യുകയും തന്റെ നിയന്ത്രണത്തിൽ പെടാത്ത കാര്യം ദൈവത്തിൽ ഏല്പ്പിക്കയും ചെയ്തു.

രണ്ടാമത്, അവൾ ശമുവേലിനെ ഏലിയെ ഏല്പിച്ചപ്പോൾ ബാലനെ ദൈവത്തിൽ സമർപ്പിക്കുന്ന വിശ്വാസമാണ് പ്രദർശിപ്പിച്ചത് (2:1-10). ഒന്നു ശമുവേൽ 1:27-ലെ വാക്കുകൾ ഉന്നതമായ ആത്മവിശ്വാസത്തെ കാണിക്കുന്നു: "ഈ ബാലന്നായിട്ടു ഞാൻ പ്രാർത്ഥിച്ചു, ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു." ഹന്നയുടെ ഗീതം (2:1 മുതൽ) അവളുടെ ആഴമുള്ള വിശ്വാസത്തിന്റെ ഉത്തമോദാഹരണമാണ്. അതു നൽകുന്ന ഹൃദയവാൽസല്യവും ധ്യാനത്തിന്റെ സന്തോഷവും പഴയനിയമത്തിൽ മറ്റൊരു ഭാഗത്തും കാണപ്പെടുന്നില്ല എന്നാൽ അതിനു സമാന്തരമായി പുതിയനിയമത്തിൽ മറിയയുടെ ഗീതം മാത്രം നാം കാണുന്നുണ്ട് (ലൂക്കൊസ് 1:46 മുതൽ). വിശുദ്ധനും, ശക്തനും, ജ്ഞാനിയും, പരമോന്നത ന്യായാധിപനുമായ ദൈവത്തിന്മേലുള്ള പ്രതിഫലനമായിരുന്നു ഹന്നയുടെ ഗീതം.

മൂന്നാമത്, അവൾ ശമുവേലിനെ സമാഗമനകൂടാരത്തിൽ വിട്ടുപോകുവാനുള്ള വിശ്വാസം പ്രദർശിപ്പിച്ചു (1:28; 2:11). അവന്നു മൂന്നു വയസു മാത്രമെ പ്രായം ഉണ്ടായിരുന്നുള്ളൂ! അവൾക്കു ഭയമില്ലായിരുന്നു. അവനെ അവൾ ദൈവത്തിന്റെ കരുതലിലാണ് ഏല്പിച്ചത്.

എബ്രായർ 4:16-ഉം 1 പത്രൊസ് 5:7-ഉം വായിക്കുമ്പോൾ അതിലെ ഉൾക്കാഴ്ച്ച നമുക്കു നൽകുന്നതാണ് ഹന്നയുടെ വിശ്വാസം.

**പരീക്ഷണങ്ങളിൽ ക്ഷമ എന്ന ഗുണം (1:7)**

അവൾ എത്ര കാലം മച്ചിയായിരുന്നു എന്നു നമുക്ക് അറിയില്ല. സങ്കീർത്തനങ്ങൾ 142:4-ലെ വാക്കുകൾ അവൾക്കു പലപ്പോഴും തോന്നിയതിൽ സംശയമില്ല: "എനിക്കു ഒരു ഒഴികഴിവില്ല." അവളിലൊഴിച്ച് മറ്റുള്ള

വരിൽ കരുണാധിക്യമുള്ളതായി തോന്നും. ദൈവത്തിനു തെറ്റു പറ്റി എന്ന് അവൾക്ക് എളുപ്പത്തിൽ വിശ്വസിക്കാമായിരുന്നു. മനസിലാക്കുവാൻ കഴിയുന്നതിലപ്പുറമായിരുന്നു സൗമ്യയായ ഹന്നയെ പെനിന്ന വേദനിപ്പിച്ചത്. അവൾ എന്തു ചെയ്യേണ്ടിയിരുന്നു? അവൾ ക്ഷമയോട പരീക്ഷണങ്ങളെ സഹിച്ചു. ആ ക്ഷമ അവളെ ക്രമേണ അവളുടെ വിശ്വാസം വർദ്ധിപ്പിക്കുവാനും പ്രത്യാശ ഉയർത്തുവാനും ഇടയാക്കി.

**അവളുടെ മക്കളോടുള്ള ഭക്തിയുടെ ഗുണം (1:22; 2:19)**

അവൾ ശമുവേലിനു ഭക്തി കാണിച്ചുകൊടുത്തു. അമ്മ എന്ന വിചാരം അവളിൽ നിരന്തരമായി ഉണ്ടായിരുന്നു. അവൾ അവനു വേണ്ടി പ്രാർത്ഥിക്കുകയും അവനെ ദൈവത്തിലേക്കു നയിക്കുകയും ചെയ്തു. ഹന്നക്കു, മകനെ വളർത്തുക എന്നത് ദൈവത്തിനു സമർപ്പിക്കുന്ന ഒരു സേവനമായിരുന്നു. താൽമൂദിന്റെ ഒരു പോയിന്റ് ആധുനിക അമ്മമാർ ഓർക്കുന്നത് നന്നായിരിക്കും: "ആരാണ് ഏറ്റവും നന്നായി ഉപദേശിക്കപ്പെട്ടവൻ? തന്റെ അമ്മയാൽ ഉപദേശിക്കപ്പെട്ടവൻ!" ഓരോ വർഷവും ഹന്ന കൊണ്ടുവന്ന അങ്കി അവളുടെ ഭക്തിയെ കാണിക്കുന്നതായിരുന്നു. അക്ഷരികമായി, അതു കമ്പിളികൊണ്ടുള്ള, ചുളുക്കമില്ലാത്ത അടിവസ്ത്രമായിരുന്നു. ഇത്തരം അങ്കിമേലായിരുന്നു പുരോഹിതന്മാർ ഏഫോദ് ധരിച്ചിരുന്നത്. ഓരോ വർഷവും ശമുവേൽ തന്റെ അമ്മയുടെ ഈ ഭക്തിയുടെ പ്രതീകം പ്രതീക്ഷിച്ചിരുന്നു.

**യാഗത്തിന്റെ ലക്ഷണം (1:28)**

തനിക്കു ഏറ്റവും വിലയേറിയ സമ്മാനം ദൈവത്തിനു കൊടുപ്പാൻ അവൾക്കു മനസ്സുണ്ടായിരുന്നു. അവൾ തന്റെ മനസു സ്വയമായി ദൈവത്തിന്നു സമർപ്പിച്ചു. ദൈവത്തിന്നു പുതുതായി അവളെ സ്വയം കീഴ്പ്പെടുത്തുമ്പോൾ, അവളുടെ നേർച്ചയിൽ, ദൈവമഹത്വം മാത്രമേ നോക്കിയുള്ളു. അവളുടെ സ്വന്ത ആവശ്യങ്ങളെ സ്വയമായും സ്നേഹത്തോടെയും അർപ്പിച്ചതു ശമുവേലിന് ഏറ്റവും നല്ലതു ലഭിക്കേണ്ടതിനായിരുന്നു.

**രക്ഷകർത്തൃത്വ ലക്ഷണം (1:28)**

അവൻ ദൈവത്തിന്റെ ആലയത്തിൽ എന്നേക്കും പാർക്കണം- എന്ന ഏക ലക്ഷ്യമേ അവൾക്കുണ്ടായിരുന്നുള്ളൂ (1:22). ഒരു തികഞ്ഞ ദാനമായിട്ടല്ല, മറിച്ചു ഒരു ആശ്രയമായിട്ടായിരുന്നു അവൾ തന്റെ മകനെ കണ്ടത്. തന്റെ സ്ഥാനം ഗൗരവമുള്ള ഉത്തരവാദിത്വമുള്ളതാണെന്നും, ആ ചുമതല വിശ്വസ്തതയോടെ പാലിക്കണമെന്നും അവൾ ഉറപ്പിച്ചു. തന്റെ മകനെ വളർത്തുക എന്നതു മാത്രമായിരുന്നില്ല അവളുടെ കടമ എന്നാൽ അവനെ ജീവനുള്ള ദൈവത്തിനു ഒരു ദാസ്യനായകനായി നൽകുന്നതും അതിൽ ഉൾപ്പെട്ടിരുന്നു! ഇന്നു എല്ലാ അമ്മമാരിലും ഈ തിരിച്ചറിവുകൾ ഉണ്ടാകണം. ഒരു രക്ഷകർത്താവു എന്ന നിലയിൽ ഹന്ന വിജയിച്ചു. ഹന്നയുടെ ജീവചരിത്രത്തിന്റെ അവസാനം ഉറപ്പിക്കുന്നത് അവളുടെ മകൻ ദൈവമുമ്പാകെ വളർന്നു എന്നാണ് (2:21).

### സ്മാരക പാഠങ്ങൾ

ഹന്നയുടെ മാതൃത്വത്തിൽ നിന്നും, എന്നേക്കും വിലയുള്ള പാഠങ്ങൾ

പഠിക്കുവാനുണ്ട്.

*ഓർക്കുക: ഒരമ്മയുടെ പങ്ക് വളരെ പ്രധാനമാണ്!* ഒരമ്മയുടെ വിശ്വാസം അവൾ തന്റെ മക്കളിലേക്കു പകരുന്നു. അവളുടെ വിശ്വാസം ശക്തമാണെങ്കിൽ, അതു മുളച്ചു വളരും. ഒരമ്മയുടെ സ്വഭാവഗുണം അവളുടെ മക്കളിൽ പ്രതിഫലിക്കും. അമ്മമാരേ, നിങ്ങൾ നിങ്ങളുടെ മക്കൾക്കു ദൈവബോധവും, ഭക്തിയുള്ള വിശ്വാസവും, നിസ്വാർത്ഥ സേവനവും പകർന്നു കൊടുക്കുന്നുണ്ടോ? അമ്മമാരേ, നിങ്ങളുടെ മക്കൾ പരീക്ഷണങ്ങളിൽ അകപ്പെടുമ്പോൾ അവർ "അമ്മ"യുടെ ചിന്തകളിൽ സുരക്ഷിതത്വം കണ്ടെത്താറുണ്ടോ? കുട്ടികൾ എന്തു കാണുന്നുവോ അതിനെയാണ് അനുകരിക്കുന്നത്. അമ്മമാർ സൗമ്യതയും, ആദരവും, ശുദ്ധീകരണവും കുട്ടികൾക്കു കാണിച്ചു കൊടുത്താൽ അവർ അത്തരം സ്വഭാവവിശേഷണങ്ങൾ അനുകരിക്കും!

*ഓർക്കുക: ഒരു സ്ത്രീയുടെ ദൈവത്തിലുള്ള ശാന്തമായ വിശ്വാ സവും എല്ലായ്പ്പോഴുമുള്ള അവളുടെ സൗമ്യസ്വഭാവവും തന്റെ ഭർത്താവിന്റെയും മക്കളുടെയും ജീവിതം മധുരമാക്കും.* അമ്മമാർ തങ്ങൾക്കു ദൈവം - നൽകിയ ചുമതല നിറവേറുന്നത് സൗമ്യമായ വാക്കുകളോടും ക്ഷമയും കാരുണ്യത്തോടും കൂടി ആണെങ്കിൽ അവർക്കുള്ളത് "ഭവനം, സന്തോഷഭവനം" തന്നെ ആയിരിക്കും!

*ഓർക്കുക: അമ്മമാർ മക്കളെ വളർത്തേണ്ടത് ദൈവത്തിനു വേണ്ടിയായിരിക്കണം!* അമ്മമാർ മക്കളുടെ ഉള്ളിലേക്കു നിലനിൽക്കുന്ന ദൈവഭക്തി കടത്തിവിടണം. ദൈവത്തിന്റെ അധികാരത്തെ കുറിച്ചും അവന്റെ ഉപദേശങ്ങളെ കുറിച്ചും അവരെ പഠിപ്പിക്കണം. ഓരോ ദിവസവും ദൈവേഷ്ടം അനുസരിക്കുമ്പോഴുണ്ടാകുന്ന സന്തോഷത്തെയും സ്വഭാവത്തിലും പെരുമാറ്റത്തിലും വിശുദ്ധിയുടെ സൗന്ദര്യത്തെയും തന്റെ കുട്ടികൾക്കു കാണിച്ചു കൊടുക്കുന്ന അമ്മ ഭാഗ്യവതിയാണ്.

**ഉപസംഹാരം**

പവിഴപ്പുറ്റുള്ള ചങ്ങലപ്പാറയാണ് ഒരുപക്ഷെ പ്രകൃതിയിലെ ഏറ്റവും വലിയ സ്മാരകങ്ങൾ. അവയുടെ പരപ്പും സൗന്ദര്യവും കടന്നു പോകാത്തതാണ്. അവ രൂപപ്പെടുന്നത് ജീവനുള്ള കാലത്ത് പവിഴം വിസർ ജ്ജിച്ച അസ്ഥികൂടങ്ങളാലാണ്. വാസ്തവത്തിൽ, ഈ വലിയ ചങ്ങലപ്പാറകൾ ജീവിച്ചിരുന്ന ജീവിതത്തിന്റെ സ്മാരകങ്ങളാണ്. അവ ഉണ്ടായിരുന്നു എന്നതു നശിപ്പിക്കുവാൻ പറ്റാത്ത രേഖയായി എതിർക്ക പ്പെടാതെ എക്കാലവും നില നില്ക്കും. അതുപോലെയാണ് ദൈവഭക്തയായിരുന്ന ഹന്നയെ പോലുള്ള അമ്മമാർ!

അമ്മമാരേ, നിങ്ങളുടെ ജീവിതങ്ങൾ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും സ്മാരകങ്ങളാണെന്നു ഉറപ്പു വരുത്തുക. നിങ്ങളുടെ ഊർജം കടത്തിവിടേണ്ടത് ഇളകാത്ത ദൈവവിശ്വാസത്തിലും, പരീക്ഷണങ്ങളിൽ ക്ഷമ കാണിച്ചും, മറ്റുള്ളവരോടു ഭക്തിയും ത്യാഗവും കാണിച്ചും, സർവ്വശക്തനിലുള്ള സമർപ്പണം കൈവിടാതെയും ആയിരിക്കണം. അമ്മമാരേ, നിങ്ങളിലെ മാതൃത്വത്തിന്റെ ലക്ഷ്യം ഹന്നയുടേതുപോലെയായിരിക്കട്ടെ, "അതുകൊണ്ടു ഞാൻ അവനെ യഹോവെക്കു നിവേദിച്ചിരിക്കുന്നു; അവൻ ജീവപര്യന്തം യഹോവെക്കു നിവേദിതനായിരിക്കും" (1:28).